പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3458 29.01.2014 - ൽ മറുപടിക്ക്

**കൽപ്പറ്റ, കണിയാമ്പറ്റ ചിൽഡ്രൻസ് ഹോമിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ഡോ. എം.കെ. മുനീർ (ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കണിയാമ്പറ്റ ചിൽഡ്രൻസ് ഹോമിന് പുതിയ കെട്ടിടം പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കണിയാംമ്പറ്റയിലെ ചിൽഡ്രൻസ് ഹോമിന് പുതിയ കെട്ടിടം പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കണിയാംമ്പറ്റയിലെ ചിൽഡ്രൻസ് ഹോമിനും ഒബ്സർവേഷൻ ഹോമിനുമായി ഒരു പുതിയ കെട്ടിടം പണിയുന്നതിന് 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും ടി തുകയുടെ ആദ്യ ഗഡുവായ 225 ലക്ഷം രൂപ 09.07.2013 – ൽ നിർമ്മാണ ഏജൻസിയായ Kerala Police Housing and Construction Corporation Ltd. - നെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | പ്രസ്തുത കെട്ടിടത്തിന് 23.03.2013 ലെ സ.ഉ.(സാധാ) നം.128/2013/ സാനീവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നിർമ്മാണ ഏജൻസിയായ KPHCC യിലെ ചീഫ് എഞ്ചിനീയറിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിൽ പ്രസ്തുത ചിൽഡ്രൻസ് ഹോമിലെ കുട്ടികൾ താമസിക്കുന്നത് ജീർണാവസ്ഥയിലായ കെട്ടിടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | പ്രസ്തുത കെട്ടിടം പഴകിയ അവസ്ഥയിലാണെന്നും ഒന്നാം നില താമസയോഗ്യമല്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഒന്നാം നിലയിൽ കുട്ടികളെ താമസിപ്പിക്കുന്നില്ല. |
| (ഡി) | പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതുവരെ കുട്ടികളെ സംരക്ഷിതവും സൗകര്യപ്രദവുമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതുവരെ നിലവിലുള്ള കെട്ടിടത്തിൽ താമസിക്കുന്ന കുട്ടികളെ സൗകര്യപ്രദമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി പാർപ്പിയ്ക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ